5. ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണം പദ്ധതിയിലുൾപ്പെടുത്തി 115.63 ലക്ഷം രൂപയുടെ പയ്യോളി മത്സ്യമാർക്കറ്റ് നിർമ്മാണം.

6. നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ടിലുൾപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികൾ:

പയ്യോളി പ്രൈമറി ഹെൽത്ത് സെന്ററിന് ഐ.പി. ബ്ലോക്ക് നിർമ്മാണം - 1.23 കോടി രൂപ

പയ്യോളി ടെക്നിക്കൽ സ്കൂളിന് ഗ്രൗണ്ട് നിർമ്മാണം - 17.00 ലക്ഷം രൂപ

പയ്യോളി - ഇരിങ്ങൽ റോഡ് നിർമ്മാണം - 5.00 കോടി രൂപ

ഹൈമാസ്റ്റ് ലൈറ്റ് - ഇരിങ്ങൽ (3 എണ്ണം) - 21.00 ലക്ഷം രൂപ

(ഇ) നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ടിലുൾപ്പെടുത്തി കൊയിലാണ്ടിയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു:

പയ്യോളി പ്രൈമറി ഹെൽത്ത് സെന്ററിന് ഐ.പി. ബ്ലോക്ക് നിർമ്മാണം- 1.23 കോടി രൂപ

പയ്യോളി ടെക്നിക്കൽ സ്കൂളിന് ഗ്രൗണ്ട് നിർമ്മാണം - 17.00 ലക്ഷം രൂപ

പയ്യോളി - ഇരിങ്ങൽ റോഡ് നിർമ്മാണം - 5.00 കോടി രൂപ

ഹൈമാസ്റ്റ്ലൈറ്റ് ഇരിങ്ങൽ (3 എണ്ണം) - 21.00 ലക്ഷം രൂപ

RIDF 15-ൽ ഉൾപ്പെട്ട 929 ലക്ഷം രൂപ ഭരണാനുമതിയുള്ള കാപ്പാട് - കൊയിലാണ്ടി റോഡിന്റെ നിർമ്മാണം നടന്നുവരുന്നു.

ടി.എം. ചിറ പാലത്തിന്റെ പുനർനിർമ്മാണം

135 (136) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ബാധിത പ്രദേശമായ ടി.എം.ചിറയേയും, കരയേയും തമ്മിൽ ബന്ധിപ്പിക്കുന്ന കോൺക്രീറ്റ് പാലം തകർന്നതോടെ പ്രദേശത്തെ മത്സ്യ തൊഴിലാളികൾ അടക്കമുള്ള ജനങ്ങൾദുരിതത്തിൽ ആഴ്ന്നിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ടി.എം. ചിറ പാലത്തിന്റെ പുനർനിർമ്മാണ പ്രക്രിയയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടി.എം. ചിറ ആയിരംതെങ്ങ് പാലത്തിന്റെ നിർമ്മാണത്തിനായി നബാർഡ് XIX-ൽ ഉൾപ്പെടുത്തി 260 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തി നടപ്പിലാക്കുവാൻ കണ്ടൽക്കാട് ഒഴിവാക്കി അപ്രോച്ച് റോഡിനുള്ള സ്ഥലം ലഭ്യമാക്കാത്തതിനാൽ ടി പ്രവൃത്തി ഇതുവരെയും ആരംഭിച്ചിട്ടില്ല.

മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

136 (137) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളതീരത്ത് മത്സ്യസമ്പത്ത് കുറഞ്ഞുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മത്സ്യസമ്പത്തിലുണ്ടാകുന്ന കുറവ് സംബന്ധിച്ച് പഠിക്കാൻ വിദഗ്ധ സംഘത്തെ നിയമിക്കാനുള്ള നടപടി സ്വീകരിക്കുമോ ;

(സി) മത്സ്യ ഉത്പാദനം വർദ്ധിപ്പിക്കാനുള്ള എന്തെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ ; പ്രസ്തുത പദ്ധതികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) കടലിലെ പാര് മത്സ്യങ്ങളുടെ വംശ വർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ട് കൃത്രിമ പാര് പദ്ധതി നടപ്പിലാക്കിവരുന്നു. സാമൂഹ്യ മത്സ്യകൃഷി, സീറാഞ്ചിംഗ് പദ്ധതി പ്രകാരം മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ഉൾനാടൻ ജലാശയങ്ങളിലും കായലുകളിലും മത്സ്യക്കുഞ്ഞുങ്ങളെയും ചെമ്മീൻ വിത്തുകളെയും നിക്ഷേപിക്കുന്നുണ്ട്. ഇതോടൊപ്പം മത്സ്യസമ്പത്ത് സംരക്ഷിക്കുവാൻ ബോധവത്ക്കരണ പരിപാടികളും നടത്താറുണ്ട്. സമുദ്ര മത്സ്യസമ്പത്ത് പരിപോഷിപ്പിക്കുന്നതിന് മത്സ്യങ്ങളുടെ പ്രജനനകാലത്ത് (ജൂൺ - ജൂലൈ മാസങ്ങളിൽ) വർഷംതോറും 47 ദിവസത്തെ ട്രോളിംഗ് നിരോധനം നടപ്പാക്കിവരുന്നു. അനധികൃത മത്സ്യബന്ധന രീതികളിലൂടെയുള്ള മത്സ്യബന്ധനം തടയുന്നതിനും അതിലൂടെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും കടൽ ട്രോളിംഗ് നടത്തി നിയമനടപടികൾ സ്വീകരിച്ചുവരുന്നു. അമിതമായ മത്സ്യബന്ധനം നിയന്ത്രിക്കുന്നതിന് KMFR Act 1980 പ്രകാരം അർഹമായ മത്സ്യബന്ധന യാനങ്ങൾക്ക് മാത്രം ഫിഷറീസ് വകുപ്പിൽനിന്ന് രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ നൽകിവരുന്നു.